2023
മെയ്
വാല്യം 16 | ലക്കം 5
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## പന്തക്കുസ്ത തിരുനാൾ

2023 മെയ് 28



ഓശാന ഞായർ പ്രദക്ഷിണം



കാലുകഴുകൽ ശുശ്രൂഷ



പുത്തൻ ജല ആശിർവാദം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2023 MAY | Registered Newspaper, Reg.No. KERMAL/2008/24745 | Vol.16 • No.5



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ

7 വി. യൗസേപ്പ് നൊമ്പരങ്ങളെ ദൈവഹിതമാക്കി

9. മെയ്ദിന സന്ദേശം 2023

13. ദൈവവിളി പ്രോത്സാഹന ശുശ്രൂഷ

15. കെ.ആർ.എൽ.സി.സി.

21. കവിത

23 ഇടവകവാർത്തകൾ

32 വി.എസ്.എസ്,എസ്. വാർത്തകൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# മെയ് : മറിയത്തിന്റെ മാസം

**പ**രമ്പരാഗതമായിത്തന്നെ മെയ് മറിയത്തിന്റെ മാസമാണ്. ഈ മാസം തന്നെ മറിയത്തിന്റെ മൂന്നു തിരുനാളുകളുണ്ട്. മെയ് 13-ാം തീയതി ഫാത്തിമാ മാതാവിന്റെ തിരുനാൾ. മെയ് 29-ാം തീയതി തിരുസഭയുടെ മാതാവായ മറിയത്തിന്റെ തിരുനാൾ. 31-ാം തീയതി മറിയത്തിന്റെ സന്ദർശ നതിരുനാളും ദൈവപുത്രനും മനുഷ്യരക്ഷകനുമായ യേശുവിനെ ഉദര ത്തിൽ വഹിച്ച് യാത്ര ചെയ്ത എലിസബത്തിന്റെ ഭവനത്തിലെത്തി അവളെ അനുമോദിക്കാനും വേണ്ട ശുശ്രൂഷകൾ ചെയ്യാനും അവിടെ അനുഗ്രഹവും സന്തോഷവും നിറക്കാനും ദൈവത്തെ ഉള്ളുതുറന്നു സ്തുതിക്കാനും ശ്രദ്ധിച്ച മറിയത്തിന്റെ സന്ദർശനത്തിരുനാൾ. ഈ തിരു നാളുകളിൽ മാത്രമല്ല, മെയ്മാസം മുഴുവൻ മറിയത്തിന്റെ മാസമായാണ് തിരുസഭ ആചരിക്കുന്നത്. ഈ മാസത്തിലെ ഓരോ ദിവസവും തന്നെ ദൈവാലയങ്ങളിലും കപ്പേളകളിലും സ്ഥാപനങ്ങളിലും മാത്രമല്ല ഓരോ ഭവനങ്ങളിലും തന്നെ ജപമാലയോടൊപ്പം മറിയത്തിന്റെ വണക്കമാസവും പ്രാർത്ഥിക്കപ്പെടുന്നു. മാതാവിന്റെ ചരിത്രവും ഗുണഗണങ്ങളും ക്രൈസ്തവ ജീവിതത്തിലും കുടുംബബന്ധങ്ങളിലും സഭയിലും മറിയ ത്തിനുള്ള പ്രത്യേക സ്ഥാനവും പ്രാധാന്യവും ധ്യാനിച്ചുകൊണ്ടും പ്രകീർത്തിച്ചുകൊണ്ടും നടത്തപ്പെടുന്ന പ്രാർത്ഥനായത്നമാണ് വണക്ക മാസം.

ഈ മാസത്തിലെ 2-ാം ഞായറാഴ്ച 14-ാം തീയതി ലോകമെങ്ങും ആഘോഷിക്കപ്പെടുന്ന "അമ്മമാരുടെ ദിനം" (Monthers Day) ലോകത്തി ലുള്ള എല്ലാ അമ്മമാരുടെ മാത്രമല്ല വിശേഷിച്ച് ദൈവത്തിന്റെ അമ്മയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ മാതാവുമായ പരിശുദ്ധ കന്യാമറിയത്തി ന്റെയും തിരുനാളാണ്. സ്നേഹത്തിന്റെയും ജീവന്റെയും ഉറവപോലെ ലോകത്തിൽ നിലകൊള്ളുന്ന അമ്മമാരെ ഓർക്കുന്നതിനും ആദരിക്കുന്ന തിനും നന്ദിപറയുന്നതിനും അവർക്ക് ഓരോ മനുഷ്യന്റെയും ജീവിത ത്തിലുള്ള പ്രാധാന്യം ബോധപ്പെടുന്നതിനും ബോധപ്പെടുത്തുന്നതിനും വേണ്ടിയാണ് അമ്മമാരുടെ ദിനം കൊണ്ടാടുന്നത്. മനുഷ്യന്റെ ആദ്യത്തെ ഒൻപതുമാസവും ഒൻപത് ദിവസവും അമ്മയുടെ ഉദരത്തിലാണ് ചിലവ ഴിക്കപ്പെടുന്നത്. അവിടെ വച്ച് ജനിച്ചശേഷവും അവളിൽ നിന്നാണ് നാം പോഷണം ഉൾക്കൊള്ളുന്നതും വളരുന്നതും പക്വത പ്രാപിക്കുന്നതും അമ്മയുടെ ത്യാഗപൂർണ്ണവും വാത്സല്യപൂർവ്വകവുമായ സ്നേഹമാണ്

മനുഷ്യനെ തുടക്കം മുതലേ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും രൂപപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും അനുഗ്രഹിക്കുന്നതും വളർത്തുന്നതും ഐശ്വര്യപ്പെടുത്തുന്നതും. ഈ ലോകത്തിലെ അമ്മമാർക്ക് മനുഷ്യ ജീവിതത്തിൽ ഇത്രയേറെ പ്രാധാന്യമെങ്കിൽ ദൈവമാതാവിന്, നമ്മുടെ സ്വർഗ്ഗീയ അമ്മയ്ക്ക് എന്തേറെ പ്രാധാന്യമാണ് നമ്മുടെ ജീവിതത്തിലും ലോകത്തിലും ഉള്ളത്. അതിനാലാണ് ഒരു ദിവസം മാത്രമല്ല, ഒരു മാസം തന്നെ അവൾക്ക് നീക്കിവച്ചിരിക്കുന്നത്. അവളിലൂടെയാണ് ലോകരക്ഷകൻ ലോകത്തിലേക്ക് വന്നത്. അവളിലൂടെയാണ് ദൈവം കൂടെയിരിക്കാൻ കടന്നുവന്നത്. അവളാണ് നിത്യതയിൽ ദൈവപിതാവിൽ നിന്നു ജനിച്ച ദൈവപുത്രന് സമയത്തിൽ, ചരിത്രത്തിലും, ലോകത്തിലും, പരിശുദ്ധാത്മാവിലൂടെ മനുഷ്യാവതാരമേകി ദൈവമാതാവായത്. അവളാണ് മംഗളവാർത്തവേളയിൽ "ഇതാ കർത്താവിന്റെ ദാസി, അങ്ങയുടെ വചനം എന്നിൽ നിറവേറട്ടെ." എന്നു പ്രത്യുത്തരിച്ച് ആദ്യസ്ത്രീ (ഹവ്വ) അനുസരണക്കേടിലൂടെ വരുത്തിവച്ച വിനകളെ തീർക്കാൻ മനുഷ്യർക്ക് രക്ഷകനെ പ്രദാനം ചെയ്തത്.

പരിശുദ്ധ മറിയത്തെ എന്നും നമ്മുടെ ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാം. ദൈവപുത്രൻ തന്നെത്തന്നെ അവൾക്ക് മകനായി നൽകി അവളെ തന്റെ അമ്മയാക്കിയതുപോലെ നമുക്കും നമ്മെത്തന്നെ അവൾക്ക് മകനും മകളുമായി നൽകി അവളെ നമ്മുടെ അമ്മയായി സ്വീകരിക്കാം, അനുഭവിക്കാം. ഒരു ശിശു തന്റെ അമ്മയെ ആശ്രയിക്കുകയും അനുസരിക്കുകയും അനുകരിക്കുകയും ചെയ്യുന്നപോലെ നമുക്കും അവളെ ആശ്രയിക്കുകയും അനുസരിക്കുകയും അനുകരിക്കുയും ചെയ്യാം. അവൾ നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കട്ടെ. സ്നേഹിക്കാൻ പഠിപ്പിക്കട്ടെ, ദൈവവചനം ശ്രവിച്ച്, ദൈവേഷ്ഠമറിഞ്ഞ് അതു നിറവേറ്റി ഭാഗ്യപ്പെട്ടവനാകാൻ പഠിപ്പിക്കട്ടെ. അവൾ കാനായിലെ വിവാഹവിരുന്നിൽ ഇടപെട്ടതുപോലെ മറ്റുള്ളവരുടെ വിഷമതകളും അവശതകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അവർക്കുവേണ്ടി മദ്ധ്യസ്ഥം വഹിക്കാനും കരുതലോടെ അവരെ സഹായിക്കാനും പഠിപ്പിക്കട്ടെ. കുരിശിൻ ചുവട്ടിൽ മരണം വരെയും പുത്രന്റെ കൂടെ നിന്ന് ആശ്വസിപ്പിച്ച അവൾ മരണം വരെയും കർത്താവിന്റെ കൂടെ നില്ക്കാനും അനുഗമിക്കാനും നമ്മെ പഠിപ്പിക്കട്ടെ. യേശുവിന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരെ ഒരുമിച്ചുകൂടി ആദ്യത്തെ നൊവേനയിലൂടെ പെന്തക്കോസ്താനുഭവത്തിനുവേണ്ടി ഒരുക്കിയ ദിവ്യനാഥ ഈ വർഷം മെയ് 27-ാം തീയതി നാം കൊണ്ടാടുന്ന പെന്തക്കോസ്ത അനുഭവത്തിനുവേണ്ടി നമ്മെ ഒരുക്കട്ടെ. യേശുവിനെ ഉദരത്തിൽ വഹിച്ച എലിസബത്തിനെ സന്ദർശിച്ച അമ്മ ഫാത്തിമായിലും ലൂർദ്ദിലും ഗാഡലൂപ്പേയിലും മെജിഗോരിയിലും വേളങ്കണ്ണിയിലുമെല്ലാം പ്രത്യക്ഷപ്പെട്ട് ദൈവത്തിന്റെ സംരക്ഷണം അനുഭവവേദ്യമാക്കിയ അമ്മ, ദൈവസന്ദേശം പകർന്ന അമ്മ നമ്മെയും സന്ദർശിച്ച് നമ്മുടെ ഉള്ളിനെ

പ്പോലും സന്തോഷത്താൽ നിറക്കട്ടെ. യേശുവിനെ കാണിച്ചുതന്ന് സ്വർഗ്ഗീയ സന്ദേശമരുളി അവൻ പറയുന്നത് നിങ്ങൾ ചെയ്യുക. എന്നു നിർദ്ദേശമരുളിയ അമ്മ അനുഗ്രഹവും ഐശ്വര്യവും സമൃദ്ധിയും സംതൃപ്തിയും സമാധാനവും സന്തോഷവും അനുഭവിച്ച് ജീവിക്കാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കട്ടെ.

മെയ്മാസവണക്കം നമുക്ക് നന്നായി ആചരിക്കാം. ദൈവാലയങ്ങളിൽ മാത്രമല്ല ഭവനങ്ങളിലും ഭവനത്തിൽ ഇല്ലായെങ്കിൽ, ഒരു പ്രാർത്ഥന സ്ഥലം പ്രത്യേകമായി ഉണ്ടാക്കാൻ ശ്രദ്ധിക്കുക. അവിടെ കുരിശിനോടും തിരുഹൃദയചിത്രത്തോടുമൊപ്പം മാതാവിന്റെ രൂപമോ ചിത്രമോ വച്ച് നമ്മുടെ ഭവനത്തിന്റെയും കുടുംബത്തിന്റെയും നമ്മുടെ ഓരോരുത്തരുടെയും അമ്മയായി നമുക്ക് കർത്താവിന്റെ അമ്മയെ പ്രതിഷ്ഠിക്കാം. കുരിശിൽ മരിക്കും മുമ്പ് തന്റെ അമ്മയായ മറിയത്തെ കാണിച്ചുകൊണ്ട് യേശുനാഥൻ പറഞ്ഞു. "ഇതാ നിന്റെ അമ്മ"

*-പത്രാധിപർ*

---




2023 -ലെ ദൈവവിളി ക്യാമ്പ് മെയ് 2,3,4 തീയതികളിൽ ആയിട്ടാണ് നടത്തപ്പെടുന്നത്. 2-ാം തീയതി വൈകിട്ട് 3 മുതൽ 4-ാം തീയതി 10 മണിവരെ കോട്ടയം ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിൽ വച്ചായിരിക്കും ക്യാമ്പ്. പൗരോഹിത്യ ജീവിതത്തോട് ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തുവാൻ നടത്തപ്പെടുന്ന ക്യാമ്പിലേക്ക് 9, 10, +1, +2, ഡിഗ്രി പൂർത്തിയാക്കിയ കുട്ടികളെ അയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. താല്പര്യമുള്ള കുട്ടികളുടെ പേരും നമ്പറും മുൻകൂട്ടി അയയ്ക്കുകയാണെങ്കിൽ കൂടുതൽ ഉപകാരപ്രദം ആയിരിക്കും.

**ഫാ. ജോസഫ് മീനായിക്കോടത്ത് - 9496564652, ഫാ. ജോസഫ് പടികരമല 8547948345, ഫാ. ഷിന്റോ വെളിപ്പറമ്പിൽ - 7306075085, ഫാ. അഗസ്റ്റിൻ ആശിർ - 8281187645**

# വി. യൗസേപ്പ് നൊമ്പരങ്ങളെ ദൈവഹിതമാക്കി മാറ്റിയവൻ

ഫാ. ജോസഫ് പടികരമല

**ജീ**വിതത്തിൽ പ്രശ്നങ്ങളും സഹനങ്ങളും തകർച്ചയും പ്രതികൂല സാഹചര്യങ്ങളും അനുഭവിക്കാത്തവരും ഉണ്ടാകാത്തവരുമായി ആരുമില്ല. ഓരോ വ്യക്തിയും അവനവൻ ജീവിക്കുന്ന സാഹചര്യങ്ങളും സന്ദർഭങ്ങളും അനുസരിച്ചു പലവിധ പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടുള്ളവരാണ്. കടന്നു പോകുന്നവരുമാണ്. ജീവിതത്തിൽ നമ്മുടെ താത്പര്യങ്ങൾക്കും, ആഗ്രഹങ്ങൾക്കും നേരെ വിപരീതമായി പല കാര്യങ്ങളും സംഭവിക്കുമ്പോൾ നമ്മൾ ആ സാചര്യങ്ങളോട് എങ്ങനെയാണ് പ്രതികരിക്കുന്നത്? പലപ്പോഴും അക്ഷമയോടും പരാതികളോടും അസഹിഷ്ണതാ മനോഭവത്തോടെയും ചില പൊട്ടിത്തെറികളിലൂടെയും ഒക്കെയാണ് നമ്മൾ പ്രതികരിക്കുക. ചിലപ്പോൾ നമ്മൾ അനുഭവിക്കുന്ന സംഘർഷങ്ങൾ  തന്നെ തീവ്രദുഃഖത്തിലേക്കും അതികഠിനമായ വേദനകളിലേയ്ക്കും നയിക്കും. ചില സാഹചര്യങ്ങളിൽ അവ നമ്മെ നിരാശയിലേക്കും ജീവിതം തന്നെ അവസാനിപ്പിച്ചേയ്ക്കാം എന്ന തെറ്റായ ചിന്തയിലേയ്ക്കും നയിക്കാം. ചിലപ്പോൾ ദൈവത്തോട് കൂടുതൽ അടുത്തു ജീവിച്ചിട്ടും പ്രശ്നങ്ങൾക്കുമേൽ പ്രശ്നങ്ങൾ കടന്നുവരുമ്പോൾ ദൈവാശ്രയബോധം പോലും നമ്മുക്കു നഷ്ടപ്പെട്ടേക്കാം. ചിലപ്പോൾ ദൈവത്തിന്റെ അസ്തിത്വത്തേവരെ ചോദ്യം ചെയ്യുന്ന സാഹചര്യം  ഉടലെടുക്കാം. ഇങ്ങനെയുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ നമുക്കും നിശബ്ദരായിരിക്കുവാൻ സാധിച്ചിട്ടുണ്ടോ? സാധിക്കുമേ? ഒന്നു സ്വസ്ഥമായി ഉറങ്ങാൻ, ഉണ്ണാൻ ജോലി ചെയ്യാൻ സാധിക്കുമോ? പലപ്പോഴും ഇല്ല എന്നുതന്നെയാണ് ഉത്തരം പറയാൻ സാധിക്കുക.

എന്നാൽ ജീവിതത്തെത്തന്നെ എടുത്തുലച്ച മാനസിക സംഘർഷത്തിലൂടെയും സാഹചര്യങ്ങളിലൂടെയും കടന്നുപോകേണ്ടിവന്നിട്ടും തീർത്തും മൗനമായി ജീവിച്ച ഒരു വ്യക്തിത്വമുണ്ട് ബൈബിളിൽ, അതു വേറാരുമല്ല മറിയത്തിന്റെ ഭർത്താവും ഈശോയുടെ വളർത്തു പിതാവുമായി വി. യൗസേപ്പ്. ബൈബിളിൽ ഇത്രയ്ക്കും നിശബ്ദതയോടുകൂടെ കടന്നുപോകുന്ന വ്യക്തിത്വത്തിന്റെ ഉടവിടമായ് ചിത്രീകരിക്കപ്പെട്ട വേറൊരു കഥാപാത്രം ഇല്ല എന്നതാണ്.

യൗസേപ്പിന്റെ ജീവിതം എന്നത് പ്രതികൂല സാഹചര്യങ്ങൾ നേരിട്ട ജീവിതമാണ്. എന്താണ് യൗസേപ്പ് നേരിട്ട പ്രതികൂല സാഹചര്യം. താൻ വിവാഹം കഴിക്കുവാൻ പോകുന്ന പെൺകുട്ടി തന്റെ കൂടിചേരലില്ലാതെ

ഗർഭിണിയായിക്കാണപ്പെട്ടു എന്താണ്. ഇത് ഏതൊരു പുരുഷനെ സംബന്ധിച്ചും ഹൃദയഭേദകമായ കാര്യമാണ്. ജീവിതം തകർന്നുപോകുന്ന ഒരു സംഭവമാണ് ഇത്തരത്തിലുള്ളത്. എന്നാൽ യൗസേപ്പ് വളരെ ശാന്തമായി ഇരിക്കുന്നു, ഉറങ്ങുന്നു. ഈ സാഹചര്യത്തിൽ എങ്ങനെയാണ് യൗസേപ്പിനു മൗനമായിരിക്കാനും ഉറങ്ങാനും സാധിച്ചത്? അത് വെറൊന്നുംകൊണ്ടുമല്ല. തന്നോടു രാത്രിയിൽ സംസാരിച്ച ദൈവത്തിന്റെ സ്വരത്തിൽ ദൈവത്തിന്റെഹിതം കണ്ടെത്താൻ സാധിച്ചതുകൊണ്ടാണ്. എന്താണ് ദൈവത്തിന്റെ യൗസേപ്പിനോടുള്ള സ്വരം? മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട, അവൾ ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിൽ നിന്നാണ് എന്നുള്ളത്.

അനുദിനവും നമ്മുടെ ജീവിത പ്രശ്നങ്ങളിൽ ദൈവം നമ്മോടു സംസാരിക്കാറുണ്ട് നമ്മോടു സംസാരിക്കുന്ന ദൈവത്തെ നാം കേൾക്കാറുണ്ട്. ആ സ്വരത്തിനു പിന്നിലെ ദൈവഹിതം നാം തിരിച്ചറിയാറുണ്ടോ? ദൈവത്തിന്റെ സ്വരത്തിലൂടെ ദൈവത്തിന്റെ നമ്മുടെ മേലുള്ള ഹിതം തിരിച്ചറിയുന്നവന് ജീവിതത്തിലെ സഹനങ്ങളുടെ  നടുവിലും മൗനമായി ശാന്തമായി ഇരിക്കാൻ സാധിക്കും. സുവിശേഷം വരച്ചുകാട്ടുന്ന യൗസേപ്പ് തന്റെ സഹനങ്ങളിൽ ദൈവഹിതം കണ്ടെത്തിയവനാണ്. അതുകൊണ്ട് അവന്റെ സഹനങ്ങൾ അവനെ അക്ഷമനാക്കിയില്ല. പ്രക്ഷുബ്ധനാക്കിയില്ല, പരാതിപ്പെടുത്തില്ല, പരിഭവപ്പെടുത്തിയില്ല. മറിച്ച്ദൈവഹിതസമർപ്പണത്തിലേയ്ക്കുള്ള നിശബ്ദ ധ്യാനത്തിലേക്ക് വഴിമാറ്റി.

---

## പരേതരെ സ്മരിക്കാം – മെയ്

| | | |
|---|---|---|
| 02 | (2013) | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| 03 | (2020) | ഫാ. ജേക്കബ് പുതുപ്പറമ്പിൽ |
| 05 | (1933) | ആർച്ച് ബിഷപ് ബെർണാഡ് ഒ. സി. ഡി. |
| 07 | (1995) | ഫാ. ഏഞ്ചൽമേരി ഒ. സി. ഡി. |
| 07 | (1999) | ഫാ. ജോൺ പള്ളത്ത് ഒ. സി. ഡി. |
| 07 | (2010) | ഫാ. ജെയിംസ് പൊടിമറ്റം |
| 10 | (2008) | ഫാ. മാത്യു ചെമ്മരപ്പള്ളി സി. എഫ്. ഐ. സി. |
| 18 | (2007) | ഫാ. ഫിലിപ്പ് മണപ്പുറത്ത് സി. എഫ്. ഐ. സി. |
| 25 | (1967) | ഫാ. എവുസേബിയൂസ് ഒ. സി. ഡി. |
| 26 | (1985) | ഫാ. അർക്കേഞ്ചൽ ഒ. സി. ഡി. |
| 29 | (2004) | ഫാ. സേവ്യർ പള്ളത്തുപറമ്പിൽ |

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശുക്രിസ്തുവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും കൃപയും സമാധാനവും,

അദ്ധ്വാനത്തിൻെറ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ്ദിനത്തിന്റെയും, തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിൻെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പ്പിച്ച പ്രഥമ ഉത്തരവാദിത്വം; "നട്ടു നനയ്ക്കാനും വളർത്താനും'' ആണ് (ഉല്പ.2:15). 'എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടുവിലയിരുത്തിയതിനെ" കാത്തു പാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലും രക്ഷാകരകർമ്മത്തിലുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽനിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്ക് വന്നപ്പോഴാണ് തൊഴിലിന് പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നും നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽ മേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക-സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽ നിന്നും 35 കോടിയായി വർധിച്ചു. അതേസമയം ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയി വർദ്ധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിൻെറ 3 ശതമാനം മാത്രം ഉള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം

മാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിൻെറ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്ക് പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസന വിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്ക വിധത്തിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളു.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ടില്ലായെന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതംഅടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിൽ തടസ്സംനേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹിക സുരക്ഷാപെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെവയ്യ. അധികാരികൾക്ക് തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമ്മിക ചുമതലയുണ്ട്.

6. തൊഴിലാളി സൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ്ങ് സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലിചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലിചെയ്യേണ്ടിവരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി. എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നിഷേധിക്കപ്പെടുക

തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈവിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ ഈവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷകരാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്ക് വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത്ഖേദകരമാണ്. 'മൂലധനത്തേക്കാളും, മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന് സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തൊ സി 128). ചില വിഭാഗംതൊഴിലാളികളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയരൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും, കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണ്ണമായും ഇല്ലാതാക്കേണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലിചെയ്യുന്നത്. യുവജനകുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫല മാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസിക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ തന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥിതൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പത് ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമ്മിക്കാനാണ്", ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ

പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ്നടത്തിവരുന്നത്. സി.ബി.സി.ഐ ലേബർകമ്മീഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും, തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ച് കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ്പോളിസി' നടപ്പിലാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളിസംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം. ന്റെ യൂണിറ്റുകൾ എല്ലാഇടവകകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാരൂപതകളിലും, ഫൊറോന ആസ്ഥാനങ്ങളിലും, സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളിസംഗമങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നടത്തുന്നത്നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോട് സർവാത്മന സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും പ്രത്യേകമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

NB: 2023 ഏപ്രിൽ 30 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# ദൈവവിളി പ്രോത്സാഹന ശുശ്രൂഷ

## ആമുഖം

നവീകരിക്കപ്പെടുന്ന സഭയ്ക്കും സമൂഹത്തിനുമായി, യുവതലമുറയെ ക്രിസ്തുവിലേക്കും അവിടിത്തെ സുവിശേഷപഠനങ്ങളിലേക്കുംനയിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സുവിശേഷവത്ക്കരണ ദൗത്യത്തെയാണ് Vocation promotion ministry എന്ന് പറയുന്നത്. കേരള സഭയിലെ പൗരോഹിത്യ-സന്യാസജീവിതങ്ങൾ കഴിഞ്ഞനാളുകളെ അപേക്ഷിച്ച് ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയപ്പെട്ടിരിക്കുന്നു. ആക്ഷേപിക്കപ്പെടാവുന്ന ഒറ്റപ്പെട്ട സംഭവങ്ങളും ഉണ്ടായതായികാണാം. എന്നാൽ, സാമൂഹി-സാംസ്കാരിക-വിദ്യാഭ്യാസ-ആതുരശുശ്രൂഷാമേഖലകളിൾ ഇടപെട്ട്, മനുഷ്യജീവിതങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകി, അനേകരെ ക്രിസ്തുസ്നേഹത്തിലേക്കും. സമൂഹത്തിന്റെ മുഖ്യധാരയിലേക്കും നയിക്കുന്നതിൽ പൗരോഹിത്യജീവിതങ്ങൾ നൽകിയിരുന്ന സംഭാവനകളെ ആർക്കും വിസ്മരിക്കാവുന്നതല്ല.

പൗരോഹിത്യ ജീവിതത്തിന് എന്തുപ്രസക്തിയാണുള്ളതെന്ന് ചോദിക്കുന്നവർ സഭയിലും സമൂഹത്തിലും വൈദികർ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകളെ അടുത്തറിയാൻ ശ്രമം നടത്തേണ്ടിയിരിക്കുന്നു. സഭയിൽ പൗരോഹിത്യം ഇന്നും എന്നും പ്രസക്തമാകുന്നതിനുകാരണം, അത് സവിശേഷമാംവിധം സുവിശേഷത്തെ പുണർന്നും, കൂദാശകൾ പരികർമ്മം ചെയ്തും സഭയേയും സമൂഹത്തെയും ശുശ്രൂഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്ന ശ്രേഷ്ഠമായ ഒരു വിളിയും ജീവിതവും ആയതിനാലാണ്.

ഇപ്രകാരമുള്ള വിളിയിലേക്ക് വിജയപുരം രൂപതയിലെ യുവജനങ്ങളെയും കുടുംബങ്ങളേയും ഒരുക്കിയെടുക്കുക എന്ന ശ്രമകരമായ ഉത്തരവാദിത്വം സർവ്വാത്മനാ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

## ദർശനവും ദൗത്യവും

വിജയപുരം രൂപതയിലെ ആൺകുട്ടികളെ പ്രത്യേകിച്ച് 8-ാം ക്ലാസ് മുതൽ പൗരോഹിത്യ സന്യാസ ദൈവവിളിയിലേക്ക് ശ്രദ്ധക്ഷണിച്ച് , മൈനർ സെമിനാരി പ്രവേശനം സാധ്യമാക്കി, ദൈവത്തിനും ദൈവജനത്തിനുമായി സ്വയവും സ്വന്തമായതും സമർപ്പിച്ച് ഇടവകകൾ കേന്ദ്രീകരിച്ച് ശുശ്രൂഷ ചെയ്യുന്ന വൈദികരായി രൂപപ്പെടുത്തുകവഴി, രൂപതാമക്കളുടെ ആത്മീയ-വിശ്വാസ ജീവിതത്തിനും, സാംസ്കാരിക-വിദ്യാഭ്യാസ ജീവിത വളർച്ചക്കും ശക്തവും വ്യക്തവുമായ നേതൃത്വം നൽകുന്ന വിശുദ്ധരായ ഈ വൈദികരുടെ ജീവിതത്തിലൂടെ രൂപതയെ ഒന്നാകെ സഭയുടെയും സമൂഹത്തിന്റെയും പ്രകാശമായി, ക്രൈസ്തവമൂല്യങ്ങളുടെ ഉപ്പായി വളർത്തുക. ഇടയനായ ക്രിസ്തുവിനെ അടുത്ത് അനുഗമിക്കുന്ന.

വിളിയിലെ ഉത്തരവാദിത്വങ്ങൾ മുറുകെപ്പിടിക്കുന്ന ഇന്നിന്റെ ചുറ്റുവട്ടങ്ങളിൽ നേരിടേണ്ടിവരുന്ന എല്ലാ വെല്ലുവിളികളേയും അഭിമുഖീകരിച്ച്, അവയെ ഭയപ്പെടാതെ പരിശുദ്ധാത്മശക്തിയിൽ നിറഞ്ഞ് ക്രൈസ്തവ പാരമ്പര്യങ്ങളിൽ നിന്നും ഉരുത്തിരിയുന്ന ധാർമ്മിക ബോധ്യങ്ങളിൽ രൂപതയെ അതുവഴി സാർവ്വത്രിക സഭയെ വളർത്തുന്ന, സാമൂഹികപ്രവർത്തനങ്ങളാൽ സമൂഹത്തെ പ്രോജ്ജ്വലിപ്പിക്കുന്ന ഇടവകവൈദികരുടെ ശക്തമായ ഒരു നിരയെ വാർത്തെടുക്കുന്ന ഇടമായിത്തീരുന്ന ഒരു രൂപതയായി വിജയപുരം രൂപതയെ സൃഷ്ടിക്കുക.

പ്രാർത്ഥനാ ചൈതന്യമുള്ള, വിശുദ്ധിനിറയുന്ന കുടുംബങ്ങളെ രൂപപ്പെടുത്തുക.

മാതാപിതാക്കൾ മക്കൾ ബന്ധങ്ങൾ ഊഷ്മളമാക്കുക.

ചെറുപ്പം മുതലെ മതമൂല്യങ്ങളും വിശ്വാസരീതികളും സ്വന്തമാക്കാൻ കുഞ്ഞുങ്ങളെ സഹായിക്കുക.

വിശുദ്ധരുടെ ജീവിതങ്ങൾ അടുത്തറിയുന്നതിനും അതിൽ ആകൃഷ്ടരാകുന്നതിലും കുട്ടികളെ സഹായിക്കുക.

നല്ല അച്ചടക്കവും സ്വഭാവ ഗുണങ്ങളുമുള്ള കുഞ്ഞുങ്ങളായി വളരാൻ സഹായിക്കുക.

സഭയ്ക്കും സമൂഹത്തിനും നല്ല സംഭാവനകൾ പല മേഖലകളിലും നൽകുന്ന കഴിവുള്ള പ്രതിജ്ഞാബദ്ധരായ യുവതലമുറയായി വളരാൻ സാഹചര്യമൊരുക്കുക.

ക്രിസ്തുവിന്റെ ജീവിതവും പഠനങ്ങളും ആവേശത്തോടെ സ്വീകരിക്കുന്നവരാക്കി മാറ്റുക.

പൗരോഹിത്യ-സന്യാസജീവിതത്തിന്റെ പ്രാധാന്യവും ആവശ്യകതയും തിരിച്ചറിയാനും വിളി സ്വീകരിക്കാനും കുട്ടികൾക്ക് സാഹചര്യം പരമാവധി ഒരുക്കുക.

കൗമാരം മുതലെ, ഈശോയൊടോത്ത് സഭാമക്കളായി വളരുന്നതിലുള്ള അഭിമാനം കാത്തുസൂക്ഷിക്കാൻ പ്രേരിപ്പിക്കുക.

സഭയ്ക്ക് പുരോഹിതരെയും പൗരോഹിത്യത്തിലേക്ക് കാലെടുത്തുവക്കുന്ന പുതുതലമുറയേയും ആവശ്യമുണ്ടെന്ന തിരിച്ചറിവ് രൂപതമുഴുവനിലും നിറഞ്ഞു നില്ക്കുന്ന- നിലവിലുള്ളതും നൂതനവുമായ പ്രവർത്തനങ്ങൾ കാഴ്ചവക്കാൻ ദൈവവിളി പ്രോത്സാഹനം ആവശ്യമാണ്. കുടുംബങ്ങളെയും ഇടവകകളേയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ വർഷം മുഴുവനും തുടർന്നുകൊണ്ടിരിക്കണം. ബഹു. ഇടവകവികാരിമാരുടെ ശക്തമായ സഹായവും സാന്നിദ്ധ്യവും ആവശ്യമാണ്. പിന്നീടത് മേഖലാതലത്തിലും ഓരോ വർഷാവസാനം രൂപതാതലത്തിലും കേന്ദ്രീകരിക്കണം.

# കെ.ആർ.എൽ.സി.സി. സ്ഥാപകദിനം ആഘോഷിക്കുമ്പോൾ

**ലിജോ പുതുച്ചിറ, എരുമേലി**

കേരള ലത്തീൻ കത്തോലിക്കാ സഭ May 24 ന് KRLCC സ്ഥാപകദിനമായി ആചരിക്കുകയാണല്ലോ. കേരള ലത്തീൻ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട 2 ദിനാചരണങ്ങളാണ് KRLCC സ്ഥാപകദിനവും, ലത്തീൻ സഭാദിനവും. ആരാണ് ലത്തീൻ കത്തോലിക്കർ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് KRLCC. അതിനുമുമ്പ് KRLCC യുടെ രൂപീകരണവും ലക്ഷ്യവും അറിഞ്ഞെങ്കിൽ മാത്രമേ അതിന്റെ പ്രാധാന്യം നമുക്ക് മനസിലാക്കാൻ സാധിക്കൂ.

കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ ഉന്നത നയരൂപീകരണ ഏകോപന സമിതിയാണ് KRLCC (KERALA REGION LATIN CATHOLIC COUNCIL). കേരള ലത്തീൻസഭയിലെ 12 രൂപതകളിലായി വ്യാപിച്ചുകിടക്കുന്ന എല്ലാ ലത്തീൻ സമുദായാംഗങ്ങളും ഇതിൽ അംഗങ്ങളാണ്. 11 തുരുത്തുകൾ പോലെ പരസ്പരം ബന്ധമില്ലാതെ ഒറ്റപ്പെട്ടുകിടന്നിരുന്ന 11 രൂപതകളിലെ (2013 ൽ സ്ഥാപിതമായ സുൽത്താൻപേട്ട് രൂപതയെ ഇവിടെ ഉൾപ്പെടുത്തുന്നില്ല) നേതൃത്വത്തെ ഒരുമിച്ചുകൂട്ടി 2002 മെയ് 24 ന് KRLCC ക്ക് രൂപം നൽകിയത് അന്നത്തെ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്ത ആയിരുന്ന ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ ആയിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും സഹശുശ്രൂഷികളായ മെത്രാന്മാരുടെയും വൈദികരുടെയും ആത്മീയ നേതൃത്വത്തിന്റെയും തുറന്ന സമീപനവും എല്ലാ രൂപതകളിലും സമുദായ ശബ്ദം ഉയരേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടാൻ ഇടയാക്കി. 11 രൂപതകളിലായി ചിതറിക്കിടക്കുന്ന ലത്തീൻ കത്തോലിക്കർക്ക് തങ്ങൾ ഒന്നാണെന്നും ഒരുമിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത ഉടലെടുക്കുന്നതിനും പൊതുവായ നയങ്ങൾ രൂപീകരിക്കുന്നതിനും ഒരു സംഘടന അനിവാര്യമാണെന്ന തിരിച്ചറിവാണ് KRLCC യുടെ രൂപീകരണത്തിലേക്ക് നയിച്ചത്.

കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ തീരങ്ങളിൽ വി. ഫ്രാൻസിസ് സേവ്യർ നടത്തിയ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായാണ് അവിടെയും സഭ വ്യാപിക്കാൻ കാരണമായത്. തന്മൂലം ഭാരതസഭ, വിശിഷ്യാ കേരളസഭ ഈ വിശുദ്ധനോട് ഏറെ കടപ്പെട്ടിരിക്കുന്നു.1542 ൽ ഇന്ത്യയിലെത്തിയ അദ്ദേഹം ഒരു പതിറ്റാണ്ടുകൊണ്ട് വലിയൊരു ക്രിസ്ത്യൻ സമൂഹത്തെ വാർത്തെടുത്തു.1552 ഡിസംബർ 3 ന് ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ ജ്വരം ബാധിച്ച് അദ്ദേഹം ഈ ലോകത്തോട് വിടപ

റഞ്ഞു. ഭൗതികശരീരം ഗോവയിലെ ബോം ജീസസ് ബസിലിക്കയിലാണ് അടക്കം ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഭാരതത്തിന്റെ ഈ രണ്ടാമത്തെ അപ്പസ്തോലനോടുള്ള ബഹുമാനാർത്ഥമാണ് അദ്ദേഹത്തിന്റെ തിരുനാളായ ഡിസംബർ 3 ന് ശേഷം വരുന്ന ഞായറാഴ്ച്ച സഭാദിനമായി ആചരിക്കാൻ KRLCC ആഹ്വാനം ചെയ്തത്. KRLCC സ്ഥാപകദിനത്തിന്റെയും, ലത്തീൻ സഭാദിനത്തിന്റെയും ആഘോഷങ്ങൾ എല്ലാ രൂപതകളിലും സംസ്ഥാന തലത്തിൽ ഏതെങ്കിലും ഒരു രൂപതയുടെ ആഭിമുഖ്യത്തിലും നടത്തപ്പെടുന്നു.

KRLCC യുടെ ശക്തനായ സാരഥിയായിരുന്നു ഇതിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ. മഞ്ഞുമ്മൽ കർമ്മലീത്താ സഭയിലെ ഒരു സാധാരണ വൈദികനായിരുന്ന ഇദ്ദേഹം റോമിലെ പ്രസിദ്ധമായ ഉർബാനിയ സർവ്വകലാശാലയിൽ രണ്ടാം തവണ റെക്ടർ ആയിരിക്കുമ്പോഴാണ് ജോൺപോൾ രണ്ടാമൻ പാപ്പ അദ്ദേഹത്തെ ചിരപുരാതനമായ വരാപ്പുഴ അതിരൂപതയുടെ ആർച്ച് ബിഷപ്പായി നിയമിക്കുന്നത്. ജോൺപോൾ രണ്ടാമന്റെ ഭാരത സന്ദർശനത്തിന് മുന്നോടിയായി ഭാരതത്തെക്കുറിച്ച് ക്ലാസ്സെടുക്കാൻ നിയോഗിക്കപ്പെട്ട ഡോ. അച്ചാരുപറമ്പിലിനെ പാപ്പ നേരിട്ടുകാണുമ്പോഴെല്ലാം 'മൈ പ്രൊഫസർ' എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. ആ സമയത്ത് കേരളത്തിലെ ഒരേയൊരു അതിരൂപതയായ വരാപ്പുഴയുടെ മെത്രാപ്പോലീത്തയായി ഒരു കർമ്മലീത്താ വൈദികനെ നിയമിക്കുകവഴി ദൈവത്തിന്റെ ശുശ്രൂഷകളും പദ്ധതികളും നടപ്പിലാക്കാൻ ദൈവം തെരഞ്ഞെടുക്കുന്നത് ബലഹീനരെയാണ് എന്ന് വെളിവാക്കപ്പെടുകയായിരുന്നു. ഡാനിയേൽ പിതാവിലൂടെ ദൈവം കേരളസഭയ്ക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമായിരുന്നല്ലോ KRLCC. അദ്ദേഹത്തോടുള്ള ആദരസൂചകമായാണ് കാർമൽഗിരി സെമിനാരിയിൽ ADAM (Arch bishop Daniel Acharuparambil Memorial) ബ്ലോക്ക് നിർമ്മിച്ചിട്ടുള്ളത്.

KRLCC യെ അതിന്റെ ശൈശവദശയിൽനിന്ന് കൈപിടിച്ചുയർത്തിയത് തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയും കൗൺസിലിന്റെ ദ്വിതീയ അധ്യക്ഷനുമായിരുന്ന ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം ആണ്. KRLCC എന്ന് കേൾക്കുമ്പോഴേ സഭയും പൊതുസമൂഹവും സൂസപാക്യം പിതാവിനെ ഓർക്കത്തക്കവിധത്തിൽ KRLCC യുടെ ശക്തനായ വക്താവായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

KRLCC യുടെ രൂപീകരണത്തിനുമുമ്പ് രൂപതകളിലെ വിവിധ കമ്മീഷനുകൾക്കും മിനിസ്ട്രികൾക്കും മറ്റു രൂപതകളുമായി ബന്ധമൊന്നുമില്ലായിരുന്നു. ആരാധനാക്രമമായിരുന്നു അവരെ പൊതുവിൽ ഒന്നിപ്പിച്ചിരുന്ന ഘടകങ്ങളിലൊന്ന്. എന്നാൽ 2002 മെയ് 24 ന് ശേഷം എല്ലാ കമ്മീഷനുകളും KRLCC യുടെ കീഴിൽ ഒരുമിച്ചു പ്രവർത്തിക്കാൻ തുടങ്ങിയ

പ്പോൾ സംസ്ഥാന തലത്തിൽ ഓരോ കമ്മീഷനുകൾക്കും ഓരോ ചെയർമാനും സെക്രട്ടറിയും ചിലപ്പോൾ അസോസിയേറ്റ് സെക്രട്ടറിയും കമ്മീഷൻ അംഗങ്ങളും ഉണ്ടാവുകയും ഓരോ രൂപതയിലെയും കമ്മീഷനുകൾക്ക് മറ്റു രൂപതകളുമായി പരസ്പരം ആശയവിനിമയം നടത്താമെന്ന സ്ഥിതിയിലേക്കെത്തുകയും ചെയ്തു. അതോടൊപ്പം രൂപതകൾ തമ്മിലുള്ള ഐക്യവും സ്നേഹവും ഊട്ടിയുറപ്പിക്കുന്നതിൽ KRLCC നിർണ്ണായകസ്ഥാനം വഹിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ശരീരമാകുന്ന സഭയിലെ അവയവങ്ങളായ രൂപതകൾക്ക് ജീവനും ഊർജവും നൽകി പരസ്പരം ബന്ധപ്പെടാൻ സഹായിക്കുന്ന ജീവരക്തമായിട്ടാണ് KRLCC പ്രവർത്തിക്കുന്നത്.

അർദ്ധ വാർഷികമായാണ് (ജനുവരി, ജൂലൈ മാസങ്ങളിൽ) KRLCC യുടെ ജനറൽ അസംബ്ലി നടത്തപ്പെടുന്നത്. ഓരോ തവണയും ജനറൽ അസംബ്ലിക്ക് ആതിഥ്യമരുളുന്നത് ഓരോ രൂപതകളാണ്. കേരള ലത്തീൻ സഭയിലെ 12 രൂപതകളിലെ എല്ലാ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഒരുമിച്ചുകൂടി ആനുകാലിക സംഭവങ്ങളോ സഭയുടെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്ക് അനുയോജ്യമായ തരത്തിലുള്ളതോ ആയ ഏതെങ്കിലുമൊരു സുപ്രധാന വിഷയത്തിൽ ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുകയും സഭയുടെ രാഷ്ട്രീയ പ്രമേയം അവതരിപ്പിച്ച് പാസാക്കുകയും ചെയ്താണ് ഓരോ ജനറൽ അസംബ്ലിയും കടന്നുപോകുന്നത്.

KRLCC എന്നത് മേജർ ആർച്ച് ബിഷപ്പിന്റെ അധ്യക്ഷതയിലുള്ള ഒരു സിനഡ് സംവിധാനമല്ല, അതൊരു ഉന്നതാധികാര ഏകോപന സമിതി മാത്രമാണ്. അതിന്റെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള ബാധ്യത രൂപതകൾക്കില്ല. എന്നാൽ പൊതുവായ നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഈശോ വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവ് നയിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭയിൽ ഇതുവരേയ്ക്കും KRLCC യുടെ തീരുമാനങ്ങൾ രൂപതകൾ പാലിച്ചുപോരുന്നത് കൗൺസിലിന്റെ വിജയമാണ്.

പിറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ വലിയ ത്യാഗത്തിന്റെയും വിട്ടുവീഴ്ചയുടെയും ചേർത്തുപിടിക്കലിന്റെയും കഥ സഭയ്ക്ക് പറയാനുണ്ട്. കേരള നവോത്ഥാനത്തിന് സംഭാവനകൾ നൽകിയ ചരിത്രസംഭവമായിരുന്നു 1599 ജൂൺ മാസത്തിൽ ഗോവ മെത്രാപ്പോലീത്തയായിരുന്ന അലക്സിസ് ഡി മെനേസിസിന്റെ നേതൃത്വത്തിൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. 'പള്ളിക്കൊപ്പം പള്ളിക്കൂടം' എന്ന ഇടയലേഖനത്തിലൂടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പ്രാധാന്യം നൽകിയത് വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ ബെർണദീൻ ബെച്ചിനെല്ലിയായിരുന്നു. ആ സമയത്ത് സിറോ മലബാർ സഭയ്ക്കുവേ

ണ്ടിയുള്ള പ്രത്യക വികാരി ജനറൽ ആയിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ബെച്ചിനെല്ലി പിതാവിന്റെ ആഹ്വാനമനുസരിച്ച് ഈ ഉദ്യമത്തിൽ പങ്കാളിയായി. എന്നാൽ ഈ രണ്ടു സംഭവങ്ങളും വളച്ചൊടിക്കപ്പെടുന്നു എന്നത് വേദനാജനകമാണ്. തിരുവനന്തപുരം മെത്രാനായിരുന്ന ബിഷപ്പ് പീറ്റർ ബെർണാർഡ് പെരേരയുടെ വാസസ്ഥലമായിരുന്ന തുമ്പയിലെ മേരി മഗ്ദലിൻ ദൈവാലയം വിട്ടുനൽകി ISRO യുടെ ലക്ഷ്യങ്ങൾ സഫലമാക്കാൻ സഭ കാണിച്ച മഹാത്യാഗത്തിന്റെ കഥ പറഞ്ഞ് ഡോ. കലാമിനെപ്പോലുള്ളവർ പല വേദികളിലും വാചാലരായിട്ടുണ്ട്. കൊച്ചിയിലെ വരവുകാട് പള്ളി അംബികാപുരത്തേയ്ക്ക് മാറ്റി സ്ഥാപിച്ചാണ് കൊച്ചിൻ shipyard യാഥാർത്ഥ്യമാക്കാൻ സഭ സഹായിച്ചത്. ഇവിടെയൊക്കെ പള്ളിക്കൊപ്പം പള്ളിക്കൂടവും, പാരിഷ്ഹാളും, സിമിത്തേരിയും വരെ ഉൾപ്പെട്ടിട്ടുണ്ട്. ദേശീയപാത വികസനത്തിനായി തിരുവനന്തപുരത്ത് പൂർവികരെ സംസ്കരിച്ച സെമിത്തേരിയും, കോട്ടപ്പുറം മതിലകത്തെ  കുരിശുമുത്തപ്പനെയും മാറ്റി സ്ഥാപിച്ചതും വികസനത്തിന് സഭ എന്ത് വിട്ടുവീഴ്ചയും ചെയ്യുമെന്നുള്ളതിൽ ചിലതുമാത്രം. കർഷക കുടിയേറ്റത്തിന്റെ ഭാഗമായി മലബാർ ഭാഗത്തേക്ക് കുടിയേറിയ സിറോ മലബാർ സഭ അംഗങ്ങളുടെ ആത്മീയ കാര്യങ്ങൾ നിർവഹിക്കാൻ മുപ്പത്തോളം ദൈവാലയങ്ങളും വൈദികരെയും വിട്ടുനൽകിയതും തലശ്ശേരി അതിരൂപതയുടെ രൂപീകരണത്തിന് മുഖ്യപങ്കുവഹിച്ചതും കോഴിക്കോട് രൂപതയും അന്നത്തെ മെത്രാനായിരുന്ന ഡോ. ആൽദോ മരിയ പത്രോണിയുമായിരുന്നു. സിറോ മലങ്കര സഭ ഫാ. പി. ടി. വർഗീസിന്റെ (ദൈവദാസൻ ഗീവർഗീസ് മാർ ഇവാനിയോസ് ) നേതൃത്വത്തിൽ 1930 സെപ്റ്റംബർ 21 ന്  കത്തോലിക്കാ സഭയുമായി പുനർ ഐക്യപ്പെട്ടത് ഭാരതത്തിലെ ആദ്യത്തെ രൂപതയായ കൊല്ലം രൂപതയിൽവെച്ച്  ബിഷപ്പ് ബെൻസിഗർ പിതാവിന്റെ മുൻപിൽവെച്ചായിരുന്നു. വരാപ്പുഴ അതിരൂപത കേരള സഭയ്ക്ക് നൽകിയ സംഭാവനകളെ മാനിച്ചാണ് വരാപ്പുഴയെ കേരളസഭയുടെ മാതാവ് എന്ന് വിളിക്കുന്നത്. ഇവയൊക്കെ ഇവിടെ പരാമർശിച്ചത് നമ്മുടെ സഭയുടെ ചരിത്രത്താളുകളിലെ ചില സംഭവങ്ങൾ ഓർക്കുന്നതിനും പ്രാർത്ഥനയും ആത്മീയതയും മാത്രമല്ല സഭയുടെ ലക്ഷ്യമെന്ന് ചൂണ്ടിക്കാട്ടുന്നതിനും വേണ്ടി മാത്രമാണ്.

എന്നിരിക്കിലും വലിയ അവഗണനയിലൂടെയാണ് സമുദായം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രാഷ്ട്രീയ സംവരണ ജാതീയ മേഖലകളിലൊക്കെ സഭയിന്നും തഴയപ്പെട്ടുകിടക്കുകയാണ്. ലത്തീൻ കത്തോലിക്കരെ പട്ടികജാതിയിൽ ഉൾപ്പെടുത്തി അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സഭാധികാരികൾ ഒപ്പുശേഖരണം നടത്തി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ ഇതുവരെയും പച്ചമഷി പതിഞ്ഞിട്ടില്ല. വിശ്വസ്ഥതയോടെ സമൂഹത്തെയും കൂടി സേവി

ക്കുന്ന സഭയോട് നാളിതുവരെയും അനീതിയാണ് സർക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കാണിച്ചുകൊണ്ടിരിക്കുന്നത്. ലത്തീൻ കത്തോലിക്കർ അനുഭവിക്കുന്ന വികസന പ്രതിസന്ധികളും കേരളത്തിന്റെ മലനാട് ഇടനാട് തീരപ്രദേശ മേഖലകളിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ തീരശോഷണം, ബഫർ സോൺ, മാലിന്യ സംസ്കരണം വന്യമൃഗങ്ങളുടെ ആക്രമണം മൂലം ജീവനോപാധിയും വാസസ്ഥലവും നഷ്ടപ്പെടുന്നവർക്കും, സിമന്റ് ഗോഡൗണിൽ അലയുന്നവർക്കും, മൂലമ്പിള്ളിയിൽ കുടിയിറക്കപ്പെട്ടവർക്കും പുനരധിവാസം, അങ്ങനെ അനവധി വിഷയങ്ങൾ ചർച്ചചെയ്യപ്പെടേണ്ട ദിനങ്ങളാണ് ഈ ആചരണങ്ങൾ.

ആരാണ് റോമൻ കത്തോലിക്കർ എന്ന ചോദ്യവും ഈ ആചരണത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നു. റോമിലെ മാർപ്പാപ്പയുടെ നേതൃത്വം അംഗീകരിക്കുകയും റോമിലെ ലാറ്റിൻ ആരാധനാക്രമം പിന്തുടരുകയും ചെയ്യുന്നവരാണ് റോമൻ കത്തോലിക്കർ. റോമിന്റെ ആരാധനാഭാഷ ലാറ്റിൻ ആയതുകൊണ്ടാണ് റോമൻ കത്തോലിക്കർ, ലത്തീൻ കത്തോലിക്കർ എന്നും അറിയപ്പെടുന്നത്. അതുകൊണ്ടാണ് കേരളത്തിലെ ലത്തീൻ സഭയിൽപ്പെട്ട എല്ലാ ദൈവാലയങ്ങളുടെയും കൂടെ റോമൻ കാത്തലിക്സ് എന്ന് ചേർത്ത് വായിക്കപ്പെടേണ്ടത്തിന്റെ ആവശ്യകത ഇന്ന് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്.

സഭയുടെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചക്കായി KRLCC ഇന്ന് ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഒരു ന്യൂനപക്ഷ സമൂഹത്തിന്റെ മാത്രം വളർച്ചയ്ക്കായല്ല, കേരളത്തിലെ എല്ലാത്തരം ജനങ്ങളുടെയും പൊതുവികാരത്തിനുവേണ്ടിയും ഈ കൗൺസിൽ ശബ്ദമുയർത്തിയതിന്റെ നേർചിത്രങ്ങളിലൊന്നായിരുന്നുവല്ലോ വിഴിഞ്ഞത്തെ അതിജീവന സമരം. യാതൊരുവിധ രാഷ്ട്രീയ പിന്തുണയും കൂടാതെ 100 ലധികം ദിവസം സമാധാനപരമായ അന്തരീക്ഷത്തിൽ സമരം നടന്നെങ്കിൽ അതിൽ KRLCC യുടെ പങ്കാളിത്തം കൂടിയുണ്ടായിരുന്നു. ഇല്ലെങ്കിൽ വിഴിഞ്ഞം സമരം തിരുവനന്തപുരം അതിരൂപതയിൽ മാത്രം ഒതുങ്ങിപ്പോകുമായിരുന്നു.

സഭയെക്കുറിച്ചുള്ള അറിവ് മിക്കയാളുകളിലും അജ്ഞതമാണെന്ന് പറയാതെവയ്യ. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ പിതാവിന്റെ വാക്കുകളിൽ പറഞ്ഞാൽ, 'എങ്ങനെ 20 ലക്ഷം ലത്തീൻ കത്തോലിക്കരിലേക്കും സഭയുടെ കാഴ്ചപ്പാടുകൾ പകരാം എന്ന് ചിന്തിക്കണം. ഇന്നിപ്പോൾ ഒരു രൂപതയിൽ 10 ശതമാനം പേർക്കാണ് ഇത് സംബന്ധിച്ച അറിവ് ലഭിച്ചിട്ടുള്ളതെങ്കിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എത്ര ശതമാനം പേരിലേക്ക് ഈ സന്ദേശം പകരാൻ കഴിയുമെന്നതാണ് നാം കണക്കുകൂട്ടേണ്ടത്.'

KRLCC യോടൊപ്പം KLCA യും സഭയുടെ മുഖപത്രമായ ജീവനാദവും സമുദായത്തിന്റെ ശബ്ദമാണ്.

അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുകയാണ്. ‘KRLCCയെക്കുറിച്ച് പറയുകയാണെങ്കിൽ വാസ്തവത്തിൽ നമ്മൾ അത്രയൊന്നും വളർന്നിട്ടില്ല. എങ്കിലും ചുരുങ്ങിയ കാലം കൊണ്ട് പലതും നേടാൻ നമുക്ക് കഴിഞ്ഞു. നാം ഇനിയും ഒരുപാട് വളരേണ്ടിയിരിക്കുന്നു.‘ അങ്ങനെ സമകാലിക സമൂഹത്തിൽ ഒരു സംഘടിത ശക്തിയായിത്തീരാൻ നമുക്ക് കഴിയണം. 2011 ഫെബ്രുവരിയിൽ മറൈൻ ഡ്രൈവിൽ നടന്ന ലത്തീൻ കത്തോലിക്കാ മഹാസമ്മേളനവും, 2014 ൽ തിരുവനന്തപുരത്ത് നടന്ന ലത്തീൻ കത്തോലിക്കാ സംഗമവും 2017 ഒക്ടോബറിൽ വല്ലാർപാടത്ത് നടന്ന ‘Mission Congress - BCC Convention 2017" ഉം KRLCC യ്ക്ക് ഊർജ്ജം പകർന്ന ശക്തി സ്രോതസ്സുകളാണ്. KRLCC സ്ഥാപിതമായതിന്റെ ഇരുപത്തിയൊന്നാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ സഭയുടെ മാത്രമല്ല, സാധാരണക്കാരന്റെയും ശബ്ദമായിതീരാൻ മുൻപോട്ടുള്ള നാളുകളിലും ഇതിന് സാധിക്കട്ടെ.

---




## കരതണലിൽ

*ലില്ലി രാജു, കളത്തുക്കുന്നേൽ*

ഒന്നു വിളിച്ചാൽ ഓടിയെന്റെ അരുകിലെത്തും
രണ്ടു കരങ്ങൾ നീട്ടിയെന്നെ ചേർത്തു പിടിക്കും
മുന്തിരി വള്ളിപോൽ എന്നെ വളർത്തും
നന്മതൻ വചനങ്ങൾ ഓതി തന്നീടും
അഞ്ചപ്പം വിഭജിച്ച് സംതൃപ്തരാക്കി
ആട്ടിടയനായി എന്നെ വഴി നടത്തും
ഏഴ് വരദാനങ്ങൾ നമുക്കു നല്കി
എത്ര നല്ല സ്നേഹമെന്റെ ഈശോ
ഓർമ്മയിൽ ഓടിയെത്തും ഈശോ നാഥൻ
പത്ത് പ്രമാണങ്ങൾ നമുക്കു തന്നു (2)

## സഹനത്തിന്റെ അമ്മ

സ്നേഹ വാത്സല്യങ്ങൾ നമുക്കു നല്കിയ
പാരിന്റെ റാണി നീയല്ലേ
സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും
മാതൃക കാട്ടിയ വിമലാംബികേ
ഏഴു വ്യാകുലം ഉള്ളിൽ സൂക്ഷിച്ച്
സെഹിയോൻ ശാലയിൽ
ശ്ലീഹന്മാർക്കൊപ്പം പ്രാർത്ഥിച്ചു.
കാലിത്തൊഴുത്തിലും കുരിശിൻ ചുവട്ടിലും
മൗനമായി കണ്ണീർ പൊഴിച്ചൊരമ്മേ
നിൻ സുതനോട് ഞങ്ങൾക്കുവേണ്ടി
മാദ്ധ്യസ്ഥം പ്രാർത്ഥിക്കണേ നാഥേ (2)




മെയ്

## ജന്മദിനാശംസകൾ

02. ഫാ. ആഗ്നൽ ഡോമിനിക് റോഡ്രിഗ്സ്
03. ഫാ. സേവ്യർ മാമ്മൂട്ടിൽ
04. ഫാ. ഐസക് പടിഞ്ഞാറെക്കുറ്റ്
17. ഫാ. മൈക്കിൾ വലയിഞ്ചിയിൽ
20. ഫാ. ഔസേഫ് പുത്തൻപറമ്പിൽ
20. ഫാ. പീറ്റർ ഇഞ്ചപ്പാറ
21. ഫാ. സേവ്യർ തൈപ്പാടത്ത് ഒ. എസ്. ജെ.
29. ഫാ. ജോബ് കുഴിവയലിൽ
30. ഫാ. ആന്റണി ചേലാട്ട്
31. ഫാ. അഗസ്റ്റിൻ മേച്ചേരിൽ

# ബൈബിൾ അപ്പോസ്തലേറ്റ്

## 1. 23-ാമത് ലോഗോസ ക്വിസ് പഠനവിഷയം:

**ജോഷ്വാ 13-24; പ്രഭാഷകൻ 27-33;**
**ലൂക്ക 1-8; 2 കോറിന്തോസ് 1-6**

## പരീക്ഷാ തീയതി 2023 സെപ്റ്റംബർ 24 ഞായർ

**പരമാവധി പേരെ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക.**

**2. ഈ വർഷം ബൈബിൾ കലോത്സവം ഉണ്ടായിരിക്കും.**
**കുട്ടികളെ അതിനായി ഒരുക്കുക.**

*രൂപത ഡയറക്ടർ*

# മതബോധന കമ്മീഷൻ

**1. മെയ് 27-ാം തീയതി**
**രൂപതാ മതബോധന ദിനമാണ്.**
**പ്രഥമാധ്യാപകർ, സെക്രട്ടറി,**
**സമ്മാനാർഹരായ കുട്ടികൾ എന്നിവർ പങ്കെടുക്കുക.**
**കുട്ടികളുടെ ലിസ്റ്റ് പിന്നീട് നൽകുന്നതാണ്.**


**വിലമഗിരി പാസ്റ്ററൽ സെന്ററിലായിരിക്കും**
**ദിനാഘോഷം നടത്തുക.**
**രാവിലെ 9.30 മുതൽ 2.30 വരെ ആയിരിക്കും മീറ്റിംഗ്**

**2. വി.വി.എ.വി. യുടെ റിപ്പോർട്ട്**
**എത്രയും വേഗത്തിൽ നൽകുക.**

**രൂപത ഡയറക്ടർ**

# ഇടവക വാർത്തകൾ

## കരിയർ ഗൈഡൻസ് പ്രോഗ്രാം




വിജയപുരം രൂപതയുടെ ആഭിമുഖ്യത്തിൽ പാമ്പനാർ ഫൊറോനയിലെ വണ്ടിപ്പെരിയാർ അസംഷൻ ദേവാലയത്തിൽ വച്ച് കുട്ടികൾക്കായി കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തപ്പെട്ടു. ഇടുക്കി ജില്ലാ കളക്ടർ ശ്രീമതി ഷീബ ജോർജ് ഐഎഎസ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സെൻറ് ആൻറണീസ് കോളേജ് പ്രിൻസിപ്പൽ ഡോ. ആന്റണി കല്ലംപള്ളി കുട്ടികൾക്കായി ക്ലാസ് എടുത്തു. രൂപത കോർപ്പറേറ്റ് മാനേജർ റവ. ഡോ. ആന്റണി പാട്ടപ്പറമ്പിൽ, ഫൊറോന വികാരി ഫാ. ജോസ് കുരുവിള കാടൻതുരുത്തേൽ സോണൽ ഡയറക്ടർ ഫാ. കുരുവിള അഗസ്റ്റിൻ, വികാരി ഫാ. ജോസഫ് നെൽസൺ ആവരവിള, സഹവികാരി ഫാ. വിനോദ് ഓ എസ് ജെ എന്നിവർ സന്നിഹിതരായിരുന്നു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും 160 ഓളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു.



വി.വി.എ.വി. ആരംഭം ചീന്തലാർ


ഡയറക്ടർ വി.വി.എ.വി. സന്ദർശിച്ചപ്പോൾ


ഓശാന ഞായർ


പുത്തൻതീ ആശീർവാദം


ദുഃഖവെള്ളി



തൈലപരികർമ്മപൂജ



വെ.റവ.ഫാ. മൈക്കിൾ ആശിർവ്വദിച്ച നവീകരിച്ച ബിയൽറാവ്
വൈദികവസതി



കുരിശിന്റെ വഴി വിമലഗിരിയിലേക്ക്

## വിമല ഹൃദയ പുത്രിമാരുടെ ജനറൽ ചാപ്റ്റർ



വിജയപുരം രൂപത മുൻ മെത്രാൻ അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിനാൽ 1993 ഇൽ സ്ഥാപിതമായ വിജയപുരം രൂപത കോൺഗ്രിഗേഷൻ ആണ് വിമലഹൃദയ പുത്രിമാരുടെ സന്യാസിനി സഭ. രൂപതയുടെ വിവിധ ശുശ്രൂഷ മേഖലകളിൽ സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നു. വിമലഹൃദയ പുത്രിമാരുടെ രണ്ടാമത് ജനറൽ ചാപ്റ്റർ 10-04-23 മുതൽ 17-04-23 വരെ കോട്ടയം വിമാലംബിക ഫോർമേഷൻ ഹൗസിൽ വച്ചു നടത്തപ്പെട്ടു. സി. മേരി ദീപ്തി ഡി. ഐ. എച് സുപ്പീരിയർ ജനറൽ ആയും സി. മേരി മേഴ്സി ഡി. ഐ. എച് അസിസ്റ്റന്റ് മദർ ജനറൽ ആയും തിരഞ്ഞെടുക്കപ്പെട്ടു. സി . മേരി ജ്യോതിസ് ഡി. ഐ. എച്, സി . മേരി ഗ്രേസ് ഡി. ഐ. എച്, സി . മേരി ഹെലൻ ഡി. ഐ. എച് എന്നിവർ കൗൺസിലേഴ്സ് ആയും സി . മേരി ജോസ്ന ഡി. ഐ. എച് ജനറൽ സെക്രട്ടറി ആയും സി . മേരി ബ്ലെസി ഡി. ഐ. എച് ജനറൽ ട്രെഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു.




2023-2025 പ്രവർത്തന വർഷത്തിൽ
K.C.Y.M ലാറ്റിൻ സംസ്ഥാന
ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട
പാലാ ഗ്വാഡലൂപ്പ മാതാ ഇടവക അംഗം

**ജോസ് വർക്കിക്ക്**

**വിജയപുരം രൂപതയുടെ**
**അഭിനന്ദനങ്ങൾ**



കരിക്കാട്ടൂർ സെന്റ് ജോസഫ്സ് ദൈവാലയം



കരിക്കാട്ടൂർ ദൈവാലയ കൂദാശ





സന്യസ്തസംഗമം പിതാവുമൊത്ത്

**സന്യസ്തരുടെ അഭിവന്ദ്യ പിതാവിനോടൊത്തുള്ള ഈസ്റ്റർ സംഗമം**

വിജയപുരം രൂപത സന്യസ്തരുടെ അഭിവന്ദ്യ പിതാവിനോടൊത്തുള്ള ഈസ്റ്റർ സംഗമം ബിഷപ്പ് ഹൗസിൽ വച്ചു 08-04-2023 വൈകിട്ട് 4.00 മണിക്ക് നടത്തപ്പെട്ടു. വിവിധ സന്യാസ ഭവനങ്ങളിൽ നിന്നും സന്യസ്തർ ഈ സംഗമത്തിൽ പങ്കെടുത്തു. സന്യസ്തർ ഈസ്റ്റർ സന്ദേശങ്ങൾ പങ്കു വച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് തന്റെ ഈസ്റ്റർ സന്ദേശത്തിൽ ദൈവ വചനത്തിൽ ആശ്രയിച്ചു തങ്ങളുടെ വിളിയുടെ മാഹാത്മ്യം മനസിലാക്കി ജീവിക്കുവാനും പ്രാർത്ഥനയിൽ ആഴപ്പെട്ടു പരിശുദ്ധമാവാവിനാൽ നിറഞ്ഞു ദൈവമ്പേഷികളായി മാറാനും അങ്ങിനെ ദൈവവുമായുള്ള ബന്ധം ഉയൂട്ടിയുറപ്പിക്കുവാൻ സാധിക്കട്ടെ എന്നും ആശംസിച്ചു. Sr. Nikhila CSST, നന്ദിയർപ്പിച്ചു. അഭിവന്ദ്യ പിതാവ് ഏവർക്കും ഈസ്റ്റർ സമ്മാനം നൽകി.



നാഗമ്പടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ തിരുനാൾ കൊടിയേറ്റ്




ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മെത്രാഭിഷേക സിൽവർ ജൂബിലി ആഘോഷം



ഗായകസംഘ പരിശീലനം മൂന്നാറിൽ



വലിയ ശനിയാഴ്ചയിലെ പ്രഭാത പ്രാർത്ഥന



വി.വി.എ.വി. അധ്യാപക പരിശീലനം

## അനുഗ്രഹീത നിമിഷങ്ങൾ



വെട്ടിമുകളിലെ 'VVAV 2023' രൂപത മതബോധന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുന്നു.



കരിക്കാട്ടൂർ ദൈവാലയ ആശീർവാദത്തിൽ പങ്കെടുത്തവർ



സ്ഥൈര്യലേപനം ഇലയ്ക്കാട്



40 മണിക്കൂർ ആരാധന, ഗുഡ്ഷേപ്പേർഡ്, കോട്ടയം



വൈദികസംഗമം



പെസഹ അപ്പം മുറിക്കൽ

# വി.എസ്.എസ്.എസ്. വാർത്തകൾ

## ലഹരിവിരുദ്ധ ബോധവത്ക്കരണം



*ലഹരി വിരുദ്ധ ബോധവത്കരണം - ഉദ്ഘാടനം കോട്ടയം നഗരസഭ ഉപാദ്ധ്യക്ഷൻ ബി. ഗോപകുമാർ നിർവ്വഹിക്കുന്നു.*

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന എക്സൈസ് വകുപ്പ്, മാന്നാനം കെ.ഇ. കോളേജ്, കോട്ടയം വെസ്റ്റ് ജന മൈത്രി പൊലീസ് എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. തിരുനക്കര ഗാന്ധി സ്ക്വയറിൽ കോട്ടയം നഗരസഭ ഉപാദ്ധ്യക്ഷൻ ബി. ഗോപകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. വിഎസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, എക്സൈസ് പ്രിവന്റീവ് ഓഫീസർ നിഫി ജേക്കബ് നഗരസഭാംഗങ്ങളായ മോളിക്കുട്ടി സെബാസ്റ്റ്യൻ, എബി കുന്നേപ്പറമ്പിൽ, കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ, കെ.ജെ. ജോസഫ് എന്നിവർ സംസാരിച്ചു. കെ.ഇ. കോളേജ് വിദ്യാർത്ഥികൾ തെരുവുനാടകം അവതരിപ്പിച്ചു.

## നേത്ര പരിശോധനക്യാമ്പ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ജില്ലാ ആരോഗ്യവകുപ്പ് അന്ധത നിവാരണസമിതി, കുമരകം ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ കുമരകത്ത് സൗജന്യ നേത്ര പരിശേധന ക്യാമ്പ് സംഘടിപ്പിച്ചു. ജനകീയ വികസന സമിതി പ്രസിഡന്റ് ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യാസാബു ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നേത്ര പരിശോ




*നേത്ര പരിശോധനാ ക്യാമ്പ് കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യാ സാബു ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സമീപം.*

ധന വിദഗ്ദ്ധ സറീന കെ. ക്ലാസ് നയിച്ചു. ഡോ. മാത്തൻ ഫിൻസി എലിസബത്ത് പരിശോധനയ്ക്ക് നേതൃത്വം നൽകി. പഞ്ചായത്തംഗം മായാ സുരേഷ്, കോ. ഓർഡിനേറ്റർ സിസ്റ്റർ സൂസൻ, ഇടവക സമിതി സെക്രട്ടയറി സെബാസ്റ്റ്യൻ ജെയിംസ്, ആനിമേറ്റർ ആഷ്‌ലി എന്നിവർ സംസാരിച്ചു. 115 പേർ പങ്കെടുത്തു.



*വിശുദ്ധവാരത്തോടനുബന്ധിച്ച് വി.എസ്.എസ്.എസ്. പ്രവർത്തകർക്കായി നടത്തിയ ഒരുക്കധ്യാനം ഫാ. തോമസ് ഷിന്റോ വെളിമ്പറമ്പിൽ നയിക്കുന്നു.*

# ജർമ്മൻ ഭാഷ പഠിക്കുവാൻ സുവർണ്ണാവസരം

**വിജയപുരം രൂപതയും,**
**ഡിസാലെസ് അക്കാദമി**
**ടാലന്റ് അസിസ്റ്റൻഡ് (DATA) ഉം ചേർന്ന്**
**നടത്തുന്ന നവസംരംഭം**

## അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

**പുതിയ ബാച്ച് :**
**2023 ജൂൺ 05ന് ആരംഭിക്കുന്നു...**
**സ്ഥലം: ഹോളിഫാമിലി ഹയർസെക്കന്റി കാമ്പസ്, കഞ്ഞിക്കുഴി.**

പരിചയ സമ്പന്നരായ അദ്ധ്യാപകർ

**ഫോൺ : 9539040777**

desaleskottayam@gmail.com

*വികാരി ജനറാൾ*

## അഭിനന്ദനങ്ങൾ




**നവവൈദികൻ ജോമിൻസ് കുഴിക്കണ്ണിയിൽ OFM Conv.**
വേളാങ്കണ്ണി മാതാ ചർച്ച്, ബിയൽറാവ്


ഫാ. ഫ്രാൻസിസ് വേലശ്ശേരിയച്ചന്റെ സംസ്കാര ശുശ്രൂഷ


കുരിശാരാധന


നഗരികാണിക്കൽ

MAY 2023
Vol. 16 • Issue 5
Published on
1th May 2023

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

Meredian College Mangalore
EXCEL TO LEAD

# MEREDIAN GROUP OF INSTITUTIONS

AFFILIATED TO MANGALORE UNIVERSITY, RGUHS &
RECOGNIZED BY THE GOVERNMENT OF KARNATAKA

Email : jyothisindia1@rediffmail.com | Website : www.merediancollege.com
Ph:0824 2463674 | 2953675 | Mob:9060773557

* SUBBAIAH MEDICAL COLLEGE
* SUBHADRA NURSING COLLEGE
* MOUNT SHEPHERD COLLEGE OF NURSING
* CITY HOSPITAL
* SCS HOSPITAL

**NURSING :**

BSc, GNM, PB BSc & MSc.
BBA, BCom, BCA & BSc Hotel Management

ADDON COURSES Aviation and Hospitality Mgt.
ACCA/ CA, Logistics & Digital Marketing
Data Analytics & Cyber Security
Graphic Designing & Video Editing














Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180